NO : 59256/2015/Forest Hq

കേരള സർക്കാർ
<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - എറണാകുളം ഹൈക്കോടതി ഫോറസ്റ്റ് ലെയ്സൺ ഓഫീസിലെ ജൂനിയർ സൂപ്രണ്ട് തസ്തിക തിരുവനന്തപുരം കേരള സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ലെയ്സൺ വിഭാഗമായി പ്രവർത്തിക്കുന്നതിന് താൽക്കാലികമായി മാറ്റിക്കൊണ്ട് ഉത്തരവാകുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ)നം .506/2015/വനം തീയതി, തിരുവനന്തപുരം, 20/11/2015.

---

പരാമർശം:1) 29.07.2015 ലെ സ.ഉ (സാധാ) നം. 350/2015/വനം ഉത്തരവ്

2) സ്പെഷ്യൽ ഗവ. പ്ലീഡർ ശ്രീ. എം.പി. മാധവൻകുട്ടിയുടെ 07.09.2015 ലെ Spl. GP (Forests)/9/2015 നമ്പർ കത്ത്.

<u>ഉത്തരവ്</u>

എറണാകുളം ഹൈക്കോടതി ഫോറസ്റ്റ് ലെയ്സൺ ഓഫീസിലെ ഒരു റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തിക തിരുവനന്തപുരം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ലെയ്സൺ വിഭാഗമായി പ്രവർത്തിക്കുന്നതിനായി ഒരു വർഷത്തേക്ക് താൽക്കാലികമായി മാറ്റി ക്കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത തസ്തിക എറണാകുളം ലെയ്സൺ ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് അനിവാര്യമാണെന്നും ആകയാൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തിക എറണാകുളം ലെയ്സൺ ഓഫീസിൽ തന്നെ നിലനിറുത്തണമെന്നും പരാമർശിത കത്ത് പ്രകാരം സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ അഭ്യർത്ഥിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ലെയ്സൺ ഓഫീസിൽ നിന്നും പരാമർശിത ഉത്തരവ് പ്രകാരം താൽക്കാലികമായി മാറ്റിയ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തിക എറണാകുളം ലെയ്സൺ ഓഫീസിൽ തന്നെ നിലനിർത്തിക്കൊണ്ടും നിലവിൽ എറണാകുളം ഫോറസ്റ്റ് ലെയ്സൺ ഓഫീസിൽ ഉള്ള ഒരു ജൂനിയർ സൂപ്രണ്ട് തസ്തിക തിരുവനന്തപുരം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വിഭാഗത്തിലേക്ക് ലെയ്സൺ വിഭാഗമായി പ്രവർത്തിക്കുന്നതിനായി ഒരു വർഷത്തേക്ക് താൽക്കാലികമായി മാറ്റിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

3) പരാമർശിത ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതിയോട് കൂടി നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

കെ.വി.സുധീർ
ജോയിന്റ് സെക്രട്ടറി

1) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഭരണം വിഭാഗം, തിരുവനന്തപുരം
2) Sri. M.P. Madhavankutty, Special GP, O/o Advocate General, Ernakulam
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
5) സ്റ്റോക്ക്ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**Endt. No. D1-52859/2015 dated 10-12-2015.**

*(G.O. (Rt) No.506/15/F&WLD dated 20-11-2015)*

**Copy to:-**

1. The Forest Liaison Officer & Assistant Conservator of Forests, Ernakulam for necessary further action & report.
2. All Principal Chief Conservator of Forests / Additional Principal Chief Conservator of Forests for information.
3. The Assistant Conservator of Forests (FMIS). It is requested to upload the order in the official Website immediately.
4. 'E' Section, Forest Headquarters, for information and necessary further action.

**Addl. Principal Chief Conservator of Forests**
**(Administration)**

Y:\Faircopy\D1\Endt on D1-52859-15.doc